'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം- തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറിമാരായിരുന്ന ശ്രീമതി. എൻ.എസ്. ലീല, ശ്രീമതി. അജിത വി. എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2251/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/10/2019**

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.07.2013-ലെ ഇ8(എസ് സി 34/13/ടിഎസ്ആർ)9273/13 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 26.09.2013-ലെ 9428/ഡി3/2013/വിജി.(1) നമ്പർ കത്ത്

3 സർക്കാരിന്റെ 28.12.2013-ലെ 74156/ഇപിബി3/2013/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീമതി. എൻ.എസ്. ലീല, ശ്രീമതി. അജിത വി. എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 07.10.2015-ലെ ഡി7-4502/2014 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തൃശ്ശൂർ യൂണിറ്റ് പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ ആകസ്മിക അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് ഫയൽ നം. ബി 3-13624/13 പരിശോധിച്ചതിൽ കെട്ടിട ഉടമയായ ശ്രീ. ബിജു ജോൺ എന്നയാൾ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും ലംഘിച്ചതായി കണ്ടെത്തുകയും ടിയാൾ കെട്ടിട നിർമ്മാണ പെർമിറ്റ് കൂടാതെ രണ്ട് നില കെട്ടിടം നിർമ്മിച്ചുവെന്നും കെട്ടിട. നിർമ്മാണ ചട്ടം 8.2 പ്രകാരം റോഡിനോട്ട ചേർന്ന് വിടേണ്ട 1.50 മീറ്റർ വിട്ടിട്ടില്ലെന്നും ടി അനധികൃത നിർമ്മാണത്തിനെതിരെ സ്റ്റോപ്പ് മെമ്മോ നൽകിയതല്ലാതെ മറ്റു നിയമപരമായ നടപടികളൊന്നുംതന്നെ സ്വീകരിച്ചില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ നെൽവയൽ തണ്ണീർത്തട നിയമം ലംഘിച്ച് നിലം നികത്തിയ ഭൂമിയിൽ സർവ്വേ നം.390/5, 390/12 എന്നിവയിൽ നിലം എന്ന് വില്ലേജ് രേഖകളിൽ രേഖപ്പെടുത്തിയ ഭൂമിയിൽ ശ്രീ. റെജിമോൻ എന്നയാൾ നിർമ്മിച്ച കെട്ടിടത്തിന് 207/08-09 എന്ന ഫയലിൽ 25.11.2008-ന് ബിൽഡിംഗ് പെർമിറ്റ് നൽകുകയും ചട്ടങ്ങൾ ലംഘിച്ച് 10.01.2012-ൽ കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തുവെന്നും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് മേൽ വീഴ്ചകൾക്കുത്തരവാദിയായ പാണഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായിരുന്ന ശ്രീമതി. അജിത വി. , ശ്രീമതി. എൻ.എസ്. ലീല എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ ടിയാളുകൾക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി. എൻ.എസ്. ലീല, ശ്രീമതി. അജിത വി. എന്നിവർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 5 ) പ്രകാരം റിപ്പോർട്ട്

ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീമതി. എൻ.എസ്. ലീല പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ 09.12.2011 മുതൽ 03.12.2012 വരെയാണ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നതെന്നും പരാതിയിൽ പറയുന്ന കെട്ടിട നിർമ്മാണത്തിന് പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ റസിഡൻഷ്യൽ ആവശ്യത്തിനായി 18.07 ച.മീറ്ററും, വാണിജ്യാവശ്യത്തിനായി 55.12 ച.മീറ്ററും, നിലവിലുള്ള കെട്ടിടത്തിൽ ഒന്നാം നില പണിയുന്നതിന് ശ്രീ. ബിജു ജോൺ എന്നവർക്ക് തൃശ്ശൂർ ജില്ലാ കളക്ടറുടെ അനുമതിയുടെ അടിസ്ഥാനത്തിൽ 235/11-12 തീയതി 06.12.2011 പ്രകാരം എൻ.ഒ.സി. അനുവദിച്ചിട്ടുണ്ടെന്നും ശ്രീമതി. എൻ.എസ്. ലീല സെക്രട്ടറിയായി ചാർജ്ജ് എടുക്കുന്നതിനു മുമ്പായി തന്നെ ശ്രീ. ബിജു ജോണിന്റെ കെട്ടിടത്തിന് എൻ.ഒ.സി. നൽകിയിട്ടുണ്ടെന്നും എന്നാൽ പെർമിറ്റിൽ, അനുവദിച്ചതിൽ കൂടുതൽ ഭാഗത്തായി അനധികൃതമായി നിർമ്മാണം നടത്തുന്നതായി ചൂണ്ടിക്കാണിച്ച് 23.05.2012-ൽ ശ്രീ. ബിജു ജോണിന് പഞ്ചായത്ത് നോട്ടീസ് നൽകുകയും ഈ നോട്ടീസിന്, എൻ.എച്ച്. വികസനത്തിന്റെ പേരിൽ വീട് നഷ്ടപ്പെട്ട തനിക്ക് പ്രത്യേക പരിഗണന നൽകി നിർമ്മാണ പ്രവർത്തികൾ മുന്നോട്ട് കൊണ്ടുപോകുവാൻ അനുമതി നൽകണമെന്ന് കാണിച്ച് 22.06.2012-ൽ ടിയാൾ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും തുടർന്ന് 25.05.2012-നും, 06.06.2012-നും ടി കെട്ടിടം പൊളിക്കുന്നതിനും ഉടമയുടെ നിയമലംഘനം തടയുന്നതിനും സഹകരണമാവശ്യപ്പെട്ട് പീച്ചി എസ്.എച്ച്.ഒ.യ്ക്ക് കത്ത് നൽ കിയിട്ടുണ്ടെന്നും 12.06.2012-ൽ ടി കെട്ടിട നിർമ്മാണം സംബന്ധിച്ച് കത്ത് നൽകുകയും 30.06.2012-ൽ അനധികൃതമായി നിർമ്മിച്ച ഗ്രൗണ്ട് ഫ്ലോർ പ്ലാൻ ഹാജരാക്കി അനുമതി വാങ്ങാനാവശ്യപ്പെട്ട് ശ്രീ. ബിജു ജോണിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ടെന്നും 03.12.2012-ൽ ശ്രീമതി. ലീല പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റെജിമോൻ കുര്യാക്കോസ് എന്നവരുടെ ബിൽഡിംഗ് പെർമിറ്റ് കൊമേഴ്സ്യൽ വിഭാഗത്തിൽ അനുവദിച്ചിരിക്കുന്നത് 25.11.2008-ൽ സെക്രട്ടറിയായിരുന്ന ശ്രീ. രവീന്ദ്രൻ ആയിരുന്നുവെന്നും പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ എൻ.എച്ച്.47-ന്റെ ഇരുഭാഗത്തുമുള്ള സ്ഥലങ്ങളെല്ലാം വില്ലേജ് ഓഫീസിലെ രേഖകൾ പ്രകാരം നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, ശ്രീ. റെജിമോന് റസിഡൻഷ്യൽ ആവശ്യത്തിലേക്ക് മാത്രം ആർ.ഡി.ഒ.യിൽ നിന്നും നിർമ്മാണാനുമതി ലഭിച്ചിട്ടുണ്ടെന്നും 27.10.2011-ൽ കെട്ടിടത്തിന് നമ്പറും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും ലഭിക്കുന്നതിനുള്ള അപേക്ഷയിൽ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീമതി. എൻ.എസ്. ലീല കെട്ടിടം കെ.എം.ബി.ആർ. പ്രകാരമാണോ പ്രവൃത്തി തീർത്തിട്ടുള്ളതെന്ന് പരിശോധിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് റഫർ ചെയ്തിട്ടുള്ളതും അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 10.01.2012-ൽ കെട്ടിട നമ്പർ അനുവദിച്ചതായും കാണുന്നുവെന്നും റസിഡൻഷ്യൽ ആവശ്യത്തിന് അനുമതി പത്രം ലഭിച്ച് കൊമേഴ്സ്യൽ വിഭാഗത്തിൽ പെർമിറ്റ് നേടിയ കെട്ടിടം അനധികൃതം തന്നെയാണെങ്കിലും ആയതിൽ സെക്രട്ടറി ശ്രീ. എൻ.എസ്. ലീല മനഃപൂർവ്വം ക്രമക്കേട് നടത്തിയതായി കാണുന്നില്ലെന്നും, ശ്രീമതി, എൻ.എസ്. ലീല 31.08.2013-ൽ സേവനത്തിൽ നിന്നും വിരമിച്ചതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി. അജിത വി. പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ 31.12.2012 മുതൽ 18.12.2013 വരെയാണ് സെക്രട്ടറിയായി ചുമതല വഹിച്ചിരുന്നതെന്നും പരാതിയിൽ പറയുന്ന കെട്ടിട നിർമ്മാണത്തിന് ശ്രീ. ബിജു ജോൺ എന്നവർക്ക് ഫസ്റ്റ് ഫ്ലോർ പണിയുന്നതിനായി എൻ.ഒ.സി. അനുവദിച്ചിട്ടുണ്ടെന്നും എന്നാൽ ടിയാൻ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ പൊളിച്ചു പണിയുകയും, ഗ്രൗണ്ട് ഫ്ലോറിന് പുറമെ 2

ഫ്ലോറുകൾ കൂടി പണിയുകയും ആർ.ഡി.ഒ.യുടെ അനുമതി ലഭിച്ച 5 സെന്റിൽ കൂടുതൽ സ്ഥലത്ത് നിലം നികത്തി നിർമ്മാണം നടത്തുകയും ചെയ്തുവെന്നും ടി നിർമ്മാണം അനധികൃതമാണെന്ന തദ്ദേശ സ്വയംഭരണ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി ശ്രീമതി. അജിത വി. അനധികൃതമായി നിർമ്മിച്ച കെട്ടിട ഭാഗം പൊളിച്ചു നീക്കുന്നതിനായി 05.01.2013-ൽ നോട്ടീസ് നൽകുകയും പിന്നീട് 04.08.2013-ൽ അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിനായി 7 ദിവസത്തെ സമയം അനുവദിച്ചുകൊണ്ട് നോട്ടീസ് നൽകുകയും 05.08.2013-ന് ടി വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും ശ്രീ. അജിത വി. ടി ഗ്രാമപഞ്ചായത്തിൽ ചാർജ്ജെടുക്കുന്നതിനു മുമ്പായി തന്നെ അനധികൃത നിർമ്മാണം നടന്നിട്ടുണ്ടെന്നും ശ്രീമതി. അജിതയുടെ കാലയളവിൽത്തന്നെ ശ്രീ. ടി.ജെ. ജോസഫ് എന്നവരുടെ അനധികൃത കെട്ടിട നിർമ്മാണം ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊളിച്ചു നീക്കിയിട്ടുണ്ടെന്നും ടി കെട്ടിട നിർമ്മാണം പൊളിച്ചു നീക്കുന്നതിന്റെ തിരക്കിലും പ്രശ്നങ്ങളിലും ആയതിനാലാണ് താൻ സ്ഥലംമാറി പോകുന്നതുവരെ ശ്രീ. ബിജു ജോണിനെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ സാധിക്കാത്തത് എന്ന ടിയാരിയുടെ വാദം ശരിയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും അനധികൃത കെട്ടിട നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട് പാണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ തുടർനടപടികൾ സ്വീകരിച്ച് വരുന്നതായും, ശ്രീമതി. എൻ.എസ്. ലീല, ശ്രീമതി. അജിത വി. എന്നിവരുടെ ഭാഗത്തുനിന്നും ബോധപൂർവ്വമായ വീഴ്ചകൾ ഒന്നും അന്വേഷണത്തിൽ നിന്നും കണ്ടെത്താനായിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. എൻ.എസ്. ലീല 31.08.2013-ന് സേവനത്തിൽ നിന്നും വിരമിച്ചതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 31.08.2013-ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി. എൻ.എസ്. ലീലയ്ക്ക് 28.12.2013-ന് കുറ്റപത്രം നൽകി ആരംഭിച്ച അച്ചടക്ക നടപടി അസാധുവാണെന്ന് കണക്കാക്കാവുന്നതാണ്. സേവനത്തിലിരിക്കെ ശ്രീമതി. എൻ.എസ്. ലീലയ്ക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ലാത്തതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം നടപടി സ്വീകരിയ്ക്കാൻ കഴിയില്ല. ശ്രീമതി. എൻ.എസ്. ലീല സേവനത്തിൽ നിന്നും വിരമിച്ച് നാല് വർഷം കഴിഞ്ഞതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരം നടപടി സ്വീകരിയ്ക്കാനും സാധ്യമല്ല. കെ.എസ്.ആർ. ഭാഗം 3 ചട്ടം 59(ബി) അനുസരിച്ച് പെൻഷനിൽ നിന്നു സ്ഥിരമായി കുറവുവരുത്തുക പോലുള്ള ശിക്ഷ കൊടുക്കാൻതക്ക വിഴ്ച ശ്രീമതി. എൻ.എസ്. ലീലയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലായെന്നു കാണുന്നു. മേൽ സാഹചര്യത്തിൽ പാണഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി. എൻ.എസ്. ലീലയെ തുടർനടപടികളിൽ നിന്നും ഒഴിവാക്കിയും, മുൻ സെക്രട്ടറി ശ്രീമതി. അജിത വി.യ്ക്ക് സെൻഷ്വർ നൽകിയും അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. ലീല എൻ.എസ്, മുൻ സെക്രട്ടറി, പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. ശ്രീമതി. അജിത വി., മുൻ സെക്രട്ടറി, പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി3/12/2018-വിജി. തീയതി 23.05.2018 പ്രകാരം)
9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/92/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ